03/01/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A

Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS)03/01/2025

1. ലോകത്താദ്യമായി സങ്കരയിനം തെങ്ങ് വികസിപ്പിച്ച ചരിത്രപാരമ്പര്യമുള്ള 108 വർഷം പൂർത്തീകരിച്ച പിലിക്കോട് ഉത്തരമേഖലാ കാർഷികഗവേഷണകേന്ദ്രം, കർഷകർക്കും കർഷകവൃത്തിയിൽ പങ്കാളികളാകുന്നവർക്കും ആശയങ്ങൾ കൈമാറാനും, രംഗത്തെ പുതുമകൾ പ്രദർശിപ്പിക്കുന്നതിനും, പുതുതലമുറയെ കൃഷിയിലേക്ക് അടുപ്പിക്കുന്നതിനും കാർഷിക വിദ്യാഭ്യാസ-ഗവേഷണസാധ്യതകളെക്കുറിച്ച് പുതുതലമുറയെ ബോധവത്കരിക്കുന്നതിനും, കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങളുമായി പങ്കുവെക്കുന്നതിനുമായി, കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ 'ആർ.എ. ആർ. എസ്. ഫാം കാർണിവൽ - 2025', ജനുവരി 1 മുതൽ 20 വരെ സംഘടിപ്പിക്കുന്നു. വിവിധവിളകളുടെ ബയോപാർക്കുകൾ, മൃഗസംരക്ഷണം, അലങ്കാരച്ചെടികൾ, നൂതന സാങ്കേതിക വിദ്യകളുടെ ഫീൽഡ്പ്രദർശനം, കാർഷിക സെമിനാറുകൾ, പരിശീലനങ്ങൾ, കാർഷിക ഡോക്യുമെന്ററികളുടെ പ്രദർശനം, അഗ്രോക്ലിനിക്, മണ്ണ്പരിശോധന സേവനം, ഫുഡ് പാർക്കുകൾ, നടീൽ വസ്തുക്കളുടെയും, മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണനം, വാണിജ്യസ്റ്റാളുകൾ, അമ്യൂസ്മെൻ്റ് പാർക്ക്, സായാഹ്ന വിനോദപരിപാടികൾ എന്നിങ്ങനെ വൈവിധ്യമാർന്ന അനുഭൂതികൾ ഫാം കാർണിവൽ ഒരുക്കുന്നു. തൃക്കരിപ്പൂർ എം.എൽ.എ. എം.രാജഗോപാലന്റെ അദ്ധ്യക്ഷതയിൽ ജനുവരി 03-ന് (03.1.2025) രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖവകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഫാം കാർണിവലിന്റെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് ഐഎഎസ് മുഖ്യപ്രഭാഷണം അവതരിപ്പിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെൻററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻറെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻറെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

3. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്, വെള്ളാനിക്കരയിൽ നേന്ത്രൻ ടിഷ്യുകൾചർ തൈകളും, കുരുമുളക് തൈകളും വിവിധ ഉദ്യാന ചെടികളും വില്പനക്ക് തയ്യാറാണ്. നമ്പർ 9048178101, 9747154013.

4. ഇന്ത്യൻ അഗ്രിക്കൾച്ചറൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IARI) ഏർപ്പെടുത്തിയിട്ടുള്ള 2025 ലെ IARI ഇന്നൊവേറ്റീവ് ഫാർമർ, IARI ഫെല്ലോ ഫാർമർ അവാർഡുകൾക്ക് കർഷകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ ജനുവരി 10-നകം ഡോ.ആർ.എൻ. പദാരിയ, ജോയിൻ്റ് ഡയറക്ടർ (എക്സ്റ്റൻഷൻ), ICAR-ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ന്യൂഡൽഹി - 110012 എന്ന വിലാസത്തിൽ ലഭിക്കണം.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോം ഡൌൺലോഡ് ചെയ്യുന്നതിനുമായി www.iari.res.in സന്ദർശിക്കുകയോ 011 –25842387 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

5. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ജില്ലയിലെ മത്സ്യത്തൊഴിലളികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസുകളിൽ ജനുവരി 10ന് മുൻപ് സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് മത്സ്യഭവൻ ഓഫീസുമായോ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) തിരുവനന്തപുരം കാര്യാലയവുമായോ ബന്ധപ്പെടാവുന്നതാണ് ഫോൺ നമ്പർ 0471 2450773.

6. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 6,7 തീയതികളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരീശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 04.01.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം